# മുസ്‌ലിംകൾക്ക് വേണ്ടത് നീതിയാണ്

**1992** ഡിസംബർ ആറിന് ബാബരി മസ്ജിദ് വർഗീയ ഫാഷിസ്റ്റുകൾ തല്ലിത്തകർത്ത സംഭവത്തെക്കുറിച്ച് അന്വേഷിച്ച് മൂന്നു മാസത്തിനകം റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് നിയമിക്കപ്പെട്ട ലിബർഹാൻ കമീഷൻ 48 തവണ പ്രവർത്തന കാലാവധി നീട്ടിവാങ്ങി 17 കൊല്ലത്തിനുശേഷം അതിന്റെ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചിരിക്കുകയാണ്. പട്ടാപ്പകൽ പോലീസിന്റെയും അർധ സൈനികരുടെയും പ്രമുഖ രാഷ്ട്രീയ നേതാക്കളുടെയും കൺമുന്നിൽ അരങ്ങേറിയ മസ്ജിദ് ധ്വംസനം അത്രമേൽ അവ്യക്തവും സങ്കീർണവുമായതുകൊണ്ടല്ല കമീഷന്റെ അന്വേഷണം ഇത്രയേറെ നീണ്ടുപോയതെന്ന് എല്ലാവർക്കുമറിയാം. ബന്ധപ്പെട്ട കക്ഷികളുടെ നിസ്സഹകരണമായിരുന്നു അന്വേഷണം നീണ്ടുപോകാൻ കാരണമെന്ന് ജസ്റ്റിസ് ലിബർഹാൻ സൂചിപ്പിക്കുന്നു. ഈ നിസ്സഹകരണത്തിനു പിന്നിലെ മുഖ്യ പ്രേരകം രാഷ്ട്രീയ താൽപര്യങ്ങളായിരുന്നു. റിപ്പോർട്ട് അത്ര പെട്ടെന്നൊന്നും വേണ്ടെന്നായിരുന്നു കമീഷനെ നിയമിച്ച സർക്കാറിന്റെ പോലും നിലപാട്. 2006ൽ തയാറായ റിപ്പോർട്ടിന്റെ സമർപ്പണം സർക്കാറിന്റെ ഇംഗിതമനുസരിച്ച് നീട്ടിവെക്കുകയായിരുന്നുവെന്നും വാർത്തയുണ്ട്. ഈ സാഹചര്യത്തിൽ കമീഷൻ അന്വേഷണം നീട്ടിക്കൊണ്ടുപോകുന്നതിലൂടെ സർക്കാർ മുസ്‌ലിംകളെ വിഡ്ഢികളാക്കുകയായിരുന്നുവെന്ന് ദൽഹി ഇമാമിന്റെ പ്രസ്താവന അസ്ഥാനത്തല്ല.

ലിബർഹാൻ കമീഷൻ റിപ്പോർട്ടിന്റെ ഉള്ളടക്കമെന്താണെന്ന് വെളിപ്പെടാനിരിക്കുന്നേയുള്ളൂ. ഈ ബജറ്റു സമ്മേളനത്തിൽ റിപ്പോർട്ട് പാർലമെന്റിൽ വെച്ചേക്കുമെന്ന് കരുതപ്പെടുന്നു. പാർലമെന്റിൽ വെച്ചതുകൊണ്ടും വിശേഷമൊന്നും ഉണ്ടാകണമെന്നില്ല. എട്ടു കോടി ചെലവിട്ട ലിബർഹാൻ അന്വേഷണം കൊണ്ട് വല്ല ഫലവുമുണ്ടാകണമെങ്കിൽ കമീഷൻ ശിപാർശകൾ നടപ്പിലാക്കാൻ സർക്കാർ തയാറാവണം. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ കനത്ത തിരിച്ചടിയേറ്റ ബി.ജെ.പിയെ കുറേകൂടി ക്ഷീണിപ്പിക്കാൻ പറ്റിയ ആയുധം എന്ന നിലക്കല്ലേ കോൺഗ്രസ് ഗവൺമെന്റ് ലിബർഹാൻ റിപ്പോർട്ടിനെ കാണുന്നതെന്ന് സംശയിക്കുന്നവരുണ്ട്. എങ്കിൽ അത് ഒരു ബി.ജെ.പി വിരുദ്ധ പ്രചാരണ കോലാഹലം മാത്രമായി കലാശിക്കും. ബി.ജെ.പിയിലെ ഭിന്ന ചേരികൾ ഐക്യപ്പെടാനും ഹിന്ദുത്വശക്തികൾ പ്രകോപിതരാകാനും നിമിത്തമായേക്കുമെന്നതിനാൽ, കോലാഹലത്തിനപ്പുറം കമീഷൻ ശിപാർശ ചെയ്യുന്ന നടപടികളിലേക്കൊന്നും സർക്കാർ പോകാനിടയില്ല. മുസ്‌ലിം സമുദായത്തിനു വേണ്ടത് നീതിയാണ്. ഗവൺമെന്റ് ചെയ്യേണ്ടത്, അത് ലഭ്യമാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയാണ്. വാദകോലാഹലങ്ങൾ കൊണ്ടും ആരോപണ പ്രത്യാരോപണങ്ങൾ കൊണ്ടും നീതി ലഭിക്കാൻ പോകുന്നില്ല. ബാബരിമസ്ജിദ് സംബന്ധിച്ച് വിവിധ കോടതികളിൽ കെട്ടിക്കിടക്കുന്ന അനേകം കേസുകളിൽ തീർപ്പുണ്ടാവുകയും അവകാശങ്ങൾ ഹനിക്കപ്പെട്ടവർക്ക് അതു വകവെച്ചുകൊടുക്കുകയും കുറ്റവാളികൾ ശിക്ഷിക്കപ്പെടുകയും ചെയ്യുമ്പോഴേ നീതി പുലരൂ. മുസ്‌ലിംകളോട് നീതി കാണിക്കാനുദ്ദേശ്യമുണ്ടെങ്കിൽ അതുചെയ്യാൻ ഏറ്റവും പറ്റിയ അവസ്ഥയാണിപ്പോൾ യു.പി.എ സർക്കാറിനുള്ളത്.

വിരുദ്ധ സമ്മർദങ്ങളുടെ ഊരാക്കുടുക്കുകളിലകപ്പെടാതെ, വോട്ടു ചെയ്ത ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പൂർത്തീകരിക്കാനാവശ്യമായ ഉറച്ച ഭൂരിപക്ഷം മൻമോഹൻ സിംഗ് മന്ത്രിസഭക്കുണ്ട്. മുസ്‌ലിം സമുദായം ഗണ്യമായ തോതിൽ കോൺഗ്രസ്സിൽ വിശ്വാസമർപ്പിച്ചതിന്റെ ഫലമാണീ ഭൂരിപക്ഷമെന്ന് വോട്ടിംഗ് പാറ്റേൺ പരിശോധിക്കുന്നവർക്ക് അനിഷേധ്യമായി ബോധ്യപ്പെടും. അതേസമയം തെരഞ്ഞെടുപ്പിലെ സ്ഥാനാർഥിനിർണയത്തിൽ മുസ്‌ലിം സമുദായത്തിന്റെ പിന്തുണക്ക് കോൺഗ്രസ്സടക്കമുള്ള പാർട്ടികൾ ന്യായമായ പരിഗണന നൽകിയിട്ടില്ല എന്നും വ്യക്തമാണ്. ആകെ 30 മുസ്‌ലിം മെമ്പർമാരാണ് പാർലമെന്റിലുള്ളത്. ജനസംഖ്യാനുപാതത്തിൽ കണക്കാക്കുമ്പോൾ അർഹിക്കുന്നതിന്റെ 40 ശതമാനം മാത്രം. പതിനാലാം ലോക്സഭയിലേതിനേക്കാൾ എട്ട് സീറ്റ് കുറവ്. ആകെ നാലു മന്ത്രിമാർ. അതിൽ കാബിനറ്റ് പദവിയുള്ള രണ്ടു പേരും കശ്മീരിൽനിന്നുള്ളവർ.

എന്തു വിലകൊടുത്തും വർഗീയഫാഷിസ്റ്റുകൾ അധികാരത്തിൽ വരുന്നത് തടയുക എന്ന നിലപാടാണ് പൊതുതെരഞ്ഞെടുപ്പിൽ മുസ്‌ലിംസമുദായം സ്വീകരിച്ചത്. നിലവിലുള്ള സാഹചര്യത്തിൽ അവലംബിക്കാവുന്ന ബദലായി കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.പി.എയെ അവർ കണ്ടു. ഇതിനെ, തങ്ങൾക്ക് വോട്ടു കുത്തുകയല്ലാതെ മുസ്‌ലിംകൾക്ക് ഗത്യന്തരമില്ലാത്തതിനാൽ അവരുടെ പിന്തുണയോട് ഒരു ബാധ്യതയും വേണ്ടതില്ല എന്ന നിലപാടിൽ കോൺഗ്രസ് കാണുകയാണെങ്കിൽ അത് ദൗർഭാഗ്യകരമാണ്. ജനാധിപത്യത്തിനുതന്നെ ഹാനികരമാണത്. നിയമനിർമാണസഭകളിലും ഭരണനിർവഹണവേദികളിലും എല്ലാ ജനവിഭാഗങ്ങൾക്കും അർഹിക്കുന്ന പ്രാതിനിധ്യവും തീരുമാനങ്ങളിൽ പങ്കാളിത്തവും ലഭിക്കുമ്പോഴേ ജനാധിപത്യം സാർഥകമാകൂ. അതിനാൽ ലോക്സഭയിലുള്ള മുസ്‌ലിം പ്രാതിനിധ്യത്തിന്റെ അക്ഷന്തവ്യമായ കമ്മി, രാജ്യസഭയിൽ വരുന്ന ഒഴിവുകളിലേക്ക് മുസ്‌ലിം സമുദായത്തിൽനിന്നുള്ളവർക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് നികത്താൻ യു.പി.എ സന്നദ്ധമാകേണ്ടതാണ്. സർക്കാർ സർവീസുകളിൽ അർഹമായ പ്രാതിനിധ്യത്തിനു വേണ്ടി മുസ്‌ലിംകൾ ഏറെക്കാലമായി മുറവിളി കൂട്ടുന്നു. സർവീസ് മേഖലയിൽ ചുരുങ്ങിയത് പത്തു ശതമാനമെങ്കിലും മുസ്‌ലിംകൾക്ക് സംവരണം ചെയ്യണമെന്ന രംഗനാഥ് മിശ്ര കമീഷന്റെ ശിപാർശ വർഷങ്ങളായി പൊടിപിടിച്ചു കിടക്കുകയാണ്. മുസ്‌ലിം ന്യൂനപക്ഷത്തിന്റെ അവശത ലഘൂകരിക്കണമെന്ന് ആത്മാർഥമായ താൽപര്യമുണ്ടെങ്കിൽ മിശ്ര കമീഷൻ ശിപാർശകളിൽ നടപടിയെടുക്കാൻ ഇനിയെങ്കിലും മൻമോഹൻ സിംഗ് ഗവൺമെന്റ് തയാറാവണം.

പുതിയ യു.പി.എ മന്ത്രിസഭയിൽ ഒരു ന്യൂനപക്ഷകാര്യമന്ത്രി നിയമിതനായിട്ടുണ്ട്; സൽമാൻ ഖുർഷിദ്. കഴിഞ്ഞ മന്ത്രിസഭയിലുമുണ്ടായിരുന്നു ന്യൂനപക്ഷകാര്യമന്ത്രി; എ.ആർ ആന്തുലേ. വകുപ്പിനാവശ്യമായ സ്റ്റാഫോ ഓഫീസോ പോലും അദ്ദേഹത്തിനു ലഭിച്ചിരുന്നില്ല. ആന്തുലേക്ക് മന്ത്രിപ്പട്ടം പേറാനായി എന്നതു മാത്രമായിരുന്നു ആ വകുപ്പുകൊണ്ടുണ്ടായ നേട്ടം. അതുതന്നെയായിരിക്കുമോ സൽമാൻ ഖുർഷിദിന്റെയും കഥയെന്നുകണ്ടറിയണം. കഴിഞ്ഞ ഗവൺമെന്റിലെ ന്യൂനപക്ഷ മന്ത്രാലയത്തിന്റെ മാതൃകയിൽതന്നെയാണ് ഈ ഗവൺമെന്റിന്റെയും ന്യൂനപക്ഷ മന്ത്രാലയമെങ്കിൽ ഇതൊക്കെ മുസ്‌ലിംകളെ പറ്റിക്കാനുള്ള സർക്കാറിന്റെ ഗിമ്മിക്കുകളായി കാണാതിരിക്കാൻ സമുദായത്തിനാവില്ല. അത് മുസ്‌ലിം സമുദായത്തിനു മാത്രമല്ല, യു.പി.എക്കും രാജ്യത്തിനൊട്ടാകെയും ദോഷകരമായിരിക്കും. ■